## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം IX പ്രകാരം കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

### തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(കൈ)നം.28/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:03.02.2020

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) 01.02.2017-ലെ സ.ഉ.(കൈ)നം.28/2017/തസ്വഭവ നമ്പർ ഉത്തരവ്.
2) 02.11.2019-ലെ സ.ഉ.(അച്ചടി)നം.78/2019/തസ്വഭവ നമ്പർ ഉത്തരവ്.

### ഉത്തരവ്

പരാമർശം (2) പ്രകാരം നിലവിൽ വന്ന 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം IX ചട്ടം 57 പ്രകാരം ഒരു ഹെക്ടറിൽ കുറയാത്ത ഭൂമി ഉള്ളതും വസ്തു വില ഉൾപ്പെടെ 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും 500 പേരിൽ കുറയാത്ത ആളുകൾക്ക് തൊഴിൽ നൽകുന്നതുമായ വൻകിട വികസന പദ്ധതികൾക്ക് ഇതിനായി സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) അതിന്റെ അടിസ്ഥാനത്തിൽ ടി ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ചുവടെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് - ചെയർമാൻ
2. ഡയറക്ടർ, നഗരകാര്യ വകുപ്പ് - അംഗം
3. മുഖ്യനഗരാസൂത്രകൻ, നഗരഗ്രാമാസൂത്രണ വകുപ്പ് - കൺവീനർ
4. ബന്ധപ്പെട്ട ജില്ലയുടെ അധികാര പരിധിയുള്ള ജില്ലാ ടൗൺ പ്ലാനർ – അംഗം
5. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി/സെക്രട്ടറിമാർ - അംഗം/ അംഗങ്ങൾ

3) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15(2), 15(4) എന്നിവയുടെ പ്രൊവിസോകൾ പ്രകാരം 10 വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് കെട്ടിട നിർമ്മാണാനുമതി പുതുക്കേണ്ടതോ/ദീർഘിപ്പിച്ച് നൽകേണ്ടതോ ആയ കേസ്സുകളിൽ മേൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം രൂപീകരിച്ച കമ്മിറ്റി മുമ്പാകെ പെർമിറ്റ് കാലാവധി കഴിഞ്ഞ് പരമാവധി 3 വർഷത്തിനകം അപേക്ഷകൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം

(തുടർച്ച......2)

27(1)ന്റെ നോട്ട് (2)(ii)-ൽ പരാമർശിക്കുന്നത് പ്രകാരം പഞ്ചായത്തുകളിൽ സാമ്പത്തികമായി ദുർബല വിഭാഗങ്ങളുടെയും, താഴ്ന്ന വരുമാന വിഭാഗങ്ങളുടെയും, മദ്ധ്യവരുമാന വിഭാഗങ്ങളുടെയും താമസാവശ്യത്തിനുവേണ്ടി സർക്കാർ-അർദ്ധ സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന പാർപ്പിട കെട്ടിടങ്ങൾക്കോ ഈ വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്യുന്ന ഭവന പദ്ധതികൾക്കോ ഓരോ ഗൃഹത്തിന്റെയും വിസ്തൃതി 100 ചതുരശ്ര മീറ്ററിൽ കുറവാണെങ്കിൽ, പരമാവധി 5 വരെ ഫ്ലോർ സ്പെയ്സ് ഇൻഡക് (എഫ്.എസ്.ഐ.) നിഷ്കർഷിച്ചിട്ടുണ്ട്. ടി വിഭാഗക്കാരുടെ വരുമാനം തരം തിരിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും സർക്കാരിന് തീരുമാനം എടുക്കുന്നതിനു വേണ്ടി വിദഗ്ദ്ധാഭിപ്രായം നൽകുന്നതിനും മുൻ ഖണ്ഡിക 2-ലെ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5) ആവശ്യമായ തുടർ നടപടികൾ കമ്മിറ്റി കൺവീനർ സ്വീകരിക്കേണ്ടതാണ്.

6) ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം രൂപീകൃതമായ കമ്മിറ്റിക്ക് സാധുത ഇല്ലാതാകുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**റ്റി.കെ.ജോസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
എല്ലാ ഡിസ്ട്രിക്ട് ടൗൺ പ്ലാനർമാർക്കും.
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
തദ്ദേശസ്വയംഭരണ (ആർ.ബി), (ആർ.ഡി) വകുപ്പുകൾ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ